**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2379**
**18.12.2012 -ലെ മറുപടിയ്ക്ക്**

**എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവർത്തികൾ**

ചോദ്യം | ഉത്തരം

**ശ്രീ.. കെ.ദാസൻ** | **ശ്രീ. കെ.എം.മാണി**

( ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| ( എ ) | എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടക്കുന്ന പ്രവർത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാവുകയോ എ.എസ്. നൽകുകയോ ചെയ്തിട്ടില്ലാത്തതോ ആയ പ്രവർത്തികളും എ.എസ്. ലഭിച്ചിട്ടും ഇനിയും പ്രവർത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്ത പദ്ധതികളും ഏതെല്ലാം എന്നും വ്യക്തമാക്കാമോ; | **എസ്റ്റിമേറ്റ് തയ്യാറാവാത്ത പ്രവൃത്തികളുടെ പേരും പഞ്ചായത്തിന്റെ പേരും വാർഡ് നമ്പരും ചുവടെ ചേർക്കുന്നു**<br>1. കക്രാട്ട്കുന്ന്-INA രാമു റോഡ്-അഭിവൃദ്ധിപ്പെടുത്തൽ -. കൊയിലാണ്ടി നഗരസഭ-16-ാം വാർഡ്<br>2. കുറ്റിയിൽ പീടിക-ചാത്തങ്ങാടിമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പയ്യോളി ഗ്രാമപഞ്ചായത്ത്- 7-ാം വാഡ്<br>3. പോവതി വയൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ -മൂടാടി ഗ്രാമപഞ്ചായത്ത് - 3-ാം വാർഡ്<br>4. കോട്ട കടപ്പുറം വടക്കുവശത്തുനിന്ന് മുത്തപ്പൻ ദേവീക്ഷേത്രം വരെയുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പയ്യോളി ഗ്രാമപഞ്ചായത്ത് - 23-ാം വാർഡ്<br>5. മിത്തലെപ്പള്ളി-പറോളി താഴറോഡ് അഭിവൃദ്ധിപ്പെടുത്തൽ - തിക്കോടി ഗ്രാമപഞ്ചായത്ത്-16, 17 വാർഡ്<br>6. കൃഷ്ണൻ നായർ നടറോഡ് - ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്ത് - 7-ാം വാർഡ് |
| ( ബി ) | പ്രസ്തുത പ്രവർത്തികൾ ഓരോന്നും ഏത് പഞ്ചായത്തിൽ ഏത് വാർഡിൽ നടക്കേണ്ടുന്ന പ്രവൃത്തിയാണ് എന്നത് വ്യക്തമാക്കാമോ ; | **ഭരണാനുമതി നൽകിയിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ പേരും പഞ്ചായത്തിന്റെ പേരും വാർഡ് നമ്പരും ചുവടെ ചേർക്കുന്നു**<br>1. മുചുകുന്ന്-പുറക്കാട്-പയ്യന്തലക്കടവ് റോഡ് - മൂടാടി ഗ്രാമപഞ്ചായത്ത് -7-ാം വാർഡ്<br>2. നെല്ലോലി കണ്ടി - അഴീക്കൽ റോഡ് - ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് -12-ാം വാർഡ് |
| (സി) | പ്രവൃത്തി ആരംഭിക്കാനും എസ്റ്റിമേററ് തയ്യാറാവാനും കാലതാമസം നേരിടുന്ന പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ | **എസ്റ്റിമേറ്റ് തയ്യാറാവാത്ത പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ**<br>1. സെക്രട്ടറി, കൊയിലാണ്ടി നഗരസഭ<br>2. മേലടി BDO<br>3.പന്തലായനി BDO<br>4. മേലടി BDO<br>5. മേലടി BDO<br>6. പന്തലായനി BDO |

| | | |
|---|---|---|
| | ആരെല്ലാമെന്നും കാലതാമസം ഏത് തലത്തിലാണ് സംഭവിക്കുന്നത് എന്നും കാലതാമസത്തിനുളള കാരണമെന്ത് എന്നും വ്യക്തമാക്കാമോ; | **<u>ഭരണാനുമതി നൽകിയിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ</u>**<br>1. പന്തലായനി BDO<br>2. പന്തലായനി BDO<br>എഞ്ചിനീയറിംഗ് വിംഗ് തലത്തിൽ നിന്നാണ് എസ്റ്റിമേറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നതെന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഉടൻതന്നെ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കാൻ കഴിയാത്തതാണ് പ്രവൃത്തി ഉടൻ ആരംഭിച്ച് പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന് ഇടയാക്കുന്നതെന്നും കോഴിക്കോട് ജില്ലാ കളക്ടർ അറിയിക്കുന്നു. |
| (ഡി) | കാലതാമസം നേരിടുന്ന ഈ പ്രവൃത്തികൾ സമയബന്ധിതമായി എപ്പോൾ എ.എസ്. നൽകുമെന്നും എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ; | നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും എല്ലാ രേഖകളോടുംകൂടി എസ്റ്റിമേറ്റ് കിട്ടിയാൽ 3 ദിവസത്തിനകം ഭരണാനുമതി നൽകുന്നതാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിക്കുന്നു. |
| (ഇ) | എസ്റ്റിമേറ്റ് തയ്യാറായിട്ടില്ലാത്ത പ്രവർത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടുന്ന ഉദ്യോഗസ്ഥർക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് കളക്ട്രേറ്റിൽ നിന്ന് അറിയിപ്പ് നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | 26.04.2012, 09.05.2012, 06.08.2012, 18.10.2012 എന്നീ തീയതികളിൽ അറിയിപ്പ് നൽകിയതായി കോഴിക്കോട് ജില്ലാ കളക്ടർ അറിയിക്കുന്നു. |
| (എഫ്) | കൊയിലാണ്ടി മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് പ്രവർത്തികൾ കാലതാമസമില്ലാതെ പൂർത്തീകരിക്കാൻ അടിയന്തിരമായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | വിവിധ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ ഒരു അവലോകന യോഗം ഉടൻ വിളിച്ച് കൂട്ടി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ